ചുള്ളിക്കര റേഷൻഷോപ്പ്

121 (3050) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്ദുർഗ്ഗ് നിയോജക മണ്ഡലത്തിൽ കോടോം-ബേളൂർ പഞ്ചായത്തിൽ ചുള്ളിക്കരയിൽ റേഷൻ ഷോപ്പ് അനുവദിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലാ സപ്ലൈ ഓഫീസർ ശുപാർശ ചെയ്ത പ്രകാരം ചുള്ളിക്കരയിൽ റേഷൻ ഷോപ്പ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജില്ലാ കളക്ടറുടെ അന്വേഷണ റിപ്പോർട്ടിന് അയച്ചിരിക്കുകയാണ്.

(സി) നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം അതാതു ജില്ലാകളക്ടർ മുഖാന്തിരമാണ് റേഷൻ ഷോപ്പ് അനുവദിക്കുന്നതിനുള്ള ശുപാർശ അയയ്ക്കേണ്ടത്. ആയതിനാൽ ജില്ലാ സപ്ലൈ ആഫീസറുടെ നിർദ്ദേശം കളക്ടറുടെ ശുപാർശയോടുകൂടി സമർപ്പിക്കുന്നതിനായി ജില്ലാ സപ്ലൈ ഓഫീസർക്ക് തിരികെ അയച്ചിട്ടുള്ളത് ലഭിച്ചശേഷം അനന്തര നടപടികളെടുക്കുന്നതാണ്.

റേഷൻകട ലൈസൻസിക്ക് ക്ഷേമനിധി

122 (3051) ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റേഷൻകട ലൈസൻസികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം എന്ന് നടപ്പിലാക്കുമെന്ന് വെളിപ്പെടുത്തുമോ;

(ബി) അതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) റേഷൻകട ലൈസൻസികൾക്ക് പ്രായപരിധി നിശ്ചയിച്ച് പെൻഷൻ നൽകാൻ ആലോചിക്കുമോ?

ഉത്തരം

(എ) 1998-ൽ കേരളാ റേഷൻ വ്യാപാരി ക്ഷേമനിധി ആക്ട് പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

(ബി) കേരള റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡ് രൂപീകരിച്ച് ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളറുടെ റാങ്കിലുള്ള ഒരു സീനിയർ ഉദ്യോഗസ്ഥനെ അതിന്റെ മുഴുവൻ സമയ സെക്രട്ടറിയും ചീഫ് എക്സിക്യൂട്ടീവ് ആഫീസറുമായി നിയമിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾക്കായുള്ള സ്കീം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രായപരിധി നിശ്ചയിച്ച് പെൻഷൻ നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

'പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ'

123 (3052) ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉടമസ്ഥതയിലുള്ള പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം നിർജ്ജീവമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) എങ്കിൽ എന്നുമുതലാണ് പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തനം നിർജ്ജീവമായി തുടങ്ങിയതെന്നു വെളിപ്പെടുത്തുമോ;

(സി) ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ഡി) പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ;

(ഇ) പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെ കീഴിലെ ബ്രോയിലർ ബ്രീഡിംഗ് ഫാമും ഹാച്ചറിയും എന്നത്തേയ്ക്ക് പ്രവർത്തനക്ഷമമാകുമെന്ന് വെളിപ്പെടുത്തുമോ;

(എഫ്) പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തക്ഷമമാകുന്നതോടെ എത്ര ലക്ഷം കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കാനാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ജി) ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ എന്ത് വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കാനാണ് ഉദ്ദേശമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) ഇല്ല. എന്നാൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ 1996 ഒക്ടോബർ മുതൽ 1997 ഓഗസ്റ്റ് വരെ ഗണ്യമായി പുരോഗമിച്ചിരുന്നില്ല.

(സി 1994 ജനുവരിയിൽ മെസേർസ് ഡീജെറോസ് ബ്രീഡേഴ്സ് എന്ന സ്ഥാപനവുമായി ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിനാവശ്യമായ പിതൃശേഖരത്തെ വാങ്ങി വളർത്തുന്നതിനുള്ള ധാരണാപത്രം ഒപ്പുവയ്ക്കുകയും അതിൻപ്രകാരം 1994 നവംബറിൽ 5434 പിതൃശേഖരവും വാങ്ങി 1996 ജനുവരിയിൽ 2991 പിതൃശേഖരവും വാങ്ങി കുടപ്പനക്കുന്ന് ഫാമിൽ വളർത്തി 2,30,000 ത്തോളം കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിതരണം നടത്തുകയും ചെയ്തിരുന്നു. എന്നാൽ ഉയർന്ന മരണനിരക്കും രോഗബാധയും ഈ പദ്ധതിയെ പ്രതികൂലമായി ബാധിച്ചു. കോഴിക്കുഞ്ഞുങ്ങളുടെ ഗുണനിലവാരവും മെച്ചപ്പെട്ടതായിരുന്നില്ല. കൂടാതെ പിതൃശേഖരണത്തിന് 'സാൽമോണല്ല' എന്ന ഗുരുതരമായ രോഗം പടർന്ന്പിടിച്ചതിനാൽ ഫാമിലുണ്ടായിരുന്ന മൊത്തം പിതൃശേഖരത്തേയും 1996 ഒക്ടോബ

LIBRARY ARCHIVES Kerala Legislative Assembly